# 78. ഹിജഡകൾ എന്ന നപുംസകങ്ങൾ

നവോഢയായ പത്നിയേയുംകൊണ്ട് കേരളീയനായ ഒരു യുവാവ് ജോലിസ്ഥലമായ ദില്ലിയിലെത്തി. വലിയ ഒരു കോളനിയിൽ, ദില്ലി വികസന അതോറിററി നിരനിരയായി നിർമിച്ച ഫ്ളാററുകളിലൊന്നിൽ, മൂന്നാം നിലയിലുള്ള പാർപ്പിടത്തിന്റെ വാതിൽ തുറന്ന് അകത്തു കടന്ന് ഈ ദമ്പതികൾ സാമാനക്കെട്ടുകൾ അഴിക്കുന്നതിനിടയിൽ, തെരുവിൽ ഒരു കോലാഹലം കേട്ടു. ജനലിലൂടെ പുറത്തേക്കു നോക്കിയപ്പോൾ—അതേ, അവരാണ്, ഹിജഡകൾ! കാര്യമെന്തെന്നറിയാതെ പത്നി പകച്ചുനിൽക്കെ, യുവാവ് വാതിൽ അടച്ച് അകത്തുനിന്നു കുററിയിട്ടു; മുറിയിലുണ്ടായിരുന്ന മേശവലിച്ചു വാതിലിനോടു ചേർത്തുവെക്കുകയുംചെയ്തു. കോണി കയറി മുകളിലേക്കു വരുന്ന വഴിയിൽ, വാതിലിനു മുമ്പിൽ, ബഹളം തുടങ്ങാൻ ഏറെ താമസിച്ചില്ല. കൈകൊട്ടലും, പരുക്കൻശബ്ദത്തിൽ, ഗ്രാമ്യഭാഷയിൽ, ആഭാസഗാനങ്ങളും ചിരികളും ആക്രോശങ്ങളും. വാതിലിൽ മുട്ട് ഉറക്കെയുറക്കെയായി. ഒടുവിൽ വാതിൽ ബലാൽക്കാരമായി തള്ളിത്തുറക്കാനുള്ള ശ്രമവും ആരംഭിച്ചു. താമസിച്ചാൽ സംഗതി കുഴപ്പമാകുമെന്നു ഭയപ്പെട്ട യുവാവ് താക്കോൽപ്പഴുതിലൂടെ ഹിന്ദിയിൽ വിളിച്ചുചോദിച്ചു: 'നിങ്ങൾക്ക് എന്തുവേണം?'

'പുതുതായി കല്യാണംകഴിച്ചതല്ലേ? വാതിൽ തുറക്ക്. ഞങ്ങൾ പെണ്ണിനെ കാണട്ടെ.'

'വാതിൽ തുറക്കില്ല.'

'എന്നാൽ, അഞ്ഞൂറു രൂപ എടുക്ക്!'

'എന്തിന്?'

'അതു ഞങ്ങളുടെ അവകാശമാണ്.'

'പക്ഷേ, അതു തരാൻ എനിക്കു ബാദ്ധ്യതയില്ല.'

വാതിലിന്മേൽ ഊന്നിയൂന്നിയുള്ള ചവിട്ടായിരുന്നു, പുറത്തുനിന്ന് അതിനു കിട്ടിയ മറുപടി.

അപ്പോഴേക്കും, അതേ കെട്ടിടത്തിൽ മററു പാർപ്പിടങ്ങളിലുള്ള പലരും ജനലുകളിലൂടെ എത്തിനോക്കിത്തുടങ്ങി. മുമ്പിൽ റോഡിലും ഒരു ചെറിയ ആൾക്കൂട്ടമായി. തൊട്ടുമുകളിൽ നാലാം നിലയിലെ പാർപ്പിടത്തിലെ മലയാളി കുടുംബക്കാർ ജനലിലൂടെ തല പുറത്തേക്കു നീട്ടി മലയാളത്തിൽ വിളിച്ചുപറഞ്ഞു: 'എന്തെങ്കിലും കൊടുത്ത് അവററയെ പറഞ്ഞയയ്ക്കൂ. അല്ലെങ്കിൽ അവററ വാതിൽ പൊളിച്ച് അകത്തു കടക്കും. കണ്ണിൽക്കണ്ടതെല്ലാം എടുത്തുകൊണ്ടുപോവും. ബാക്കിയുള്ളതിനു തീവെച്ചാൽ അതുമായി!'

'നിങ്ങൾ പോലീസ്സിനു വിവരം കൊടുക്കാമോ?' യുവാവ് മലയാളത്തിൽ മുകളിലെ അയൽക്കാരോടു ചോദിച്ചു.

'കാര്യമില്ല. പോലീസുകാരുടെ അറിവോടെയാണ് ഈ അക്രമപ്പിരിവു നടക്കുന്നത്. പിരിവിൽ ഒരു പങ്ക് പോലീസുകാർക്കുള്ളതാണ്.'

യുവാവ് വാതിൽക്കലേക്കു ചെന്നു. വാതിലിന്റെ വിടവിലൂടെ പറഞ്ഞു: 'ഞങ്ങളുടെ നാട്ടിലുമുണ്ടു നിങ്ങളുടെ കൂട്ടക്കാർ, അവർക്ക് അഞ്ഞൂറുരൂപ ഞാൻ കൊടുത്തതാണ്. ഇനി നിങ്ങൾക്കുകൂടി തരുന്നതെങ്ങനെ?'

'എന്നാൽ ശരി. പകുതി തുക കൊട്, ഇരുന്നൂററമ്പതു രൂപ—', പുറത്തുനിന്നു ചിലമ്പിച്ച സ്വരത്തിൽ ഉത്തരംവന്നു.

'പത്തു രൂപ തരാം.' യുവാവ്.

ചവിട്ടൽമുറുകലായിരുന്നു ഫലം. വാതിൽ ഇപ്പോൾ പൊളിയുമെന്നു തോന്നി.

'ഇരുപതു രൂപ.' യുവാവ് വീണ്ടും പറഞ്ഞു.

'ദരിദ്രവാസി! നൂറ്റൊന്നുരൂപ കൊടു്.' പുറത്തുനിന്ന് അതേശബ്ദം കേൾക്കായി.

യുവാവ് ഒന്നും മിണ്ടാതെ നൂറിന്റെയും ഒന്നിന്റെയും ഓരോ നോട്ട് വാതിൽപ്പഴുതിലൂടെ പുറത്തേക്കു നീട്ടി. അതു വാങ്ങി, അയാളെയും അയാളുടെ നവോഢയായ പത്നിയെയും ഹിന്ദിയിൽ പുളിച്ച പഴയ തെറികൊണ്ടു് അഭിഷേകംചെയ്തു്, ആ ഹിജഡസംഘക്കാർ കോണിയിറങ്ങിപ്പോയി.

ദില്ലിയിൽ മാത്രമല്ല, ഉത്തരേന്ത്യയിലെ നഗരങ്ങളിലെല്ലാംതന്നെ പാർക്കുന്നവർക്ക് ഇത്തരം അനുഭവങ്ങൾ പലതും പറയാൻ കാണും. ഹിജഡകൾ എന്നു് അറിയപ്പെടുന്ന നപുംസകങ്ങളുടെ സംഘങ്ങൾക്കു ജനങ്ങളിൽനിന്നു കപ്പം പിരിച്ചെടുക്കാനുള്ള അവസരങ്ങളാണു വിവാഹവും പ്രസവവും. പ്രസവം കഴിഞ്ഞു കുട്ടിയെയുംകൊണ്ടു ദമ്പതിമാർ വീട്ടിലെത്തേണ്ട താമസം, ഹിജഡകൾ വന്നുകയറും. അവർ കുട്ടിയെ വാരിയെടുക്കും; നൃത്തംചെയ്യും; അതിനെ ഉമ്മവെക്കും. പിഞ്ചുകുഞ്ഞിനെ അവർ കൊന്നുകളയുമെന്ന ഭയം അമ്മയ്ക്കു് ഉണ്ടാകുന്ന വിധത്തിലായിരിക്കും ഈ വാത്സല്യപ്രകടനം. പിന്നീടു്, ചോദിച്ച പണം കിട്ടിയാലേ ഈ കൂട്ടർ വീട്ടിൽനിന്നു പുറത്തു കടക്കു. നല്ലതു്. അവർ അകത്തു കടക്കാതെ നോക്കുകയും, ചോദിച്ച തുക കൊടുത്തു് അവരെ വേഗം പറഞ്ഞയയ്ക്കുകയുമാണ്.

സ്വയംപര്യാപ്തമായ ഒരു സമൂഹമാണ് ഹിജഡകളുടേതു്. കേരളത്തിൽ ഇവർ കൂട്ടമായി പാർക്കുന്ന സ്ഥലങ്ങളില്ല. എന്നാൽ, ഇന്ത്യയിലെ മററു മിക്ക സ്റ്റേററുകളിലും ഇവരുടെ കോളനികൾ കാണാം. ദില്ലിയിൽ ഹിജഡകളുടെ ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന 'അഖിലേന്ത്യാ ഹിജഡാ കല്യാണസഭ'എന്ന ഒരു സ്ഥാപനമുണ്ടു്. ഖൈരാതീലാൽഭോല എന്നു പേരുള്ള ഒരാളാണ് ഈ സഭയുടെ തലവൻ. ഇയാൾ അടുത്തകാലത്തു് പ്രധാനമന്ത്രി രാജീവ് ഗാന്ധിക്കു സമർപ്പിച്ച ഒരു നിവേദനത്തെപ്പററി ചില വിവരങ്ങൾ യു. എൻ. ഐ. എന്ന വാർത്താസ്ഥാപനം പ്രസിദ്ധീകരിച്ചിരുന്നു.

ഇന്ത്യയിൽ പതിനൊന്നു ലക്ഷം ഹിജഡകൾ ഉണ്ടെന്നു് ഈ നിവേദനത്തിൽ പറയുന്നു. പല പ്രാദേശികസംഘങ്ങളായി പിരിഞ്ഞു പാർക്കുന്ന ഇവരെല്ലാം ഒരു കേന്ദ്ര ഹിജഡാസാമ്രാജ്യത്തിലെ അംഗങ്ങളായാണു കണക്കാക്കപ്പെടുന്നതു്. പ്രാദേശിക ഹിജഡാസംഘങ്ങൾക്കു നേതൃത്വം നൽകുന്നതു പ്രാദേശിക ഹിജഡാഗുരുക്കളാണ്. തങ്ങളുടെ അധികാരപരിധികളിൽപ്പെട്ട ഹിജഡകളുടെമേൽ ഈ ഗുരുക്കന്മാർക്കു് അനിയന്ത്രിതമായ അധികാരമുണ്ടു്.

നപുംസകങ്ങളായി പിറക്കുന്നവരല്ല ഹിജഡകളിൽ മിക്കപേരും. ആൺകുട്ടികളെ ശസ്ത്രക്രിയചെയ്തു നപുംസകങ്ങളാക്കി മാററിയാണ് ഹിജഡകളുടെ സാമ്രാജ്യം നിലനിർത്തിപ്പോരുന്നതു്. ഇന്ത്യയിൽ ഇപ്പോൾ ആണ്ടുതോറും നാല്പതിനായിരം ആൺകുട്ടികളെ ശസ്ത്രക്രിയചെയ്തു് ഹിജഡകളാക്കി മാററുന്നുണ്ടെന്നു് ഖൈരാതീലാൽഭോല പ്രധാനമന്ത്രിക്കു സമർപ്പിച്ച നിവേദനത്തിൽ പറഞ്ഞിട്ടുണ്ടു്. ഈ ശസ്ത്രക്രിയയിൽ വിദഗ്ധരായ പല ഡോക്ടർമാരുമുണ്ടു്. ഒരു ആൺകുട്ടിയെ ശസ്ത്രക്രിയചെയ്തു നപുംസകമാക്കാൻ ഈ ഡോക്ടർമാർ ആയിരത്തഞ്ഞൂറു മുതൽ രണ്ടായിരംവരെ രൂപ ഫീസ് വാങ്ങുന്നു.

പതിനഞ്ചും ഇരുപതും വയസ്സിനിടയിലുള്ള പയ്യന്മാരെയാണു ശസ്ത്ര

ക്രിയചെയ്ത നപുംസകങ്ങളാക്കി മാററാറ്. ഈ ആവശ്യത്തിലേക്ക കുട്ടികളെ പിടിച്ചുകൊണ്ടുപോകാൻ ഹിജഡാഗുരുക്കന്മാരുടെ ഏജൻറുമാർ— ഇവർ ഹിജഡകളോ, പുരുഷന്മാരോ, ചിലപ്പോൾ സ്ത്രീകളോ ആകാം— നാടുനീളെ സഞ്ചരിക്കുന്നു. ഹിജഡകളുടെ നിത്യസമ്പാദ്യത്തിൽ ഒരു നിശ്ചിത പങ്ക് ഗുരുക്കന്മാർക്കുള്ളതാണ്. ഈ വരുമാനത്തിലൊരു ഭാഗം, ഹിജഡകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗുരുക്കന്മാർ ഉപയോഗപ്പെടുത്തുന്നു.

ഇന്ത്യയിലെ ഹിജഡാ സാമ്രാജ്യം നാനൂററമ്പതു 'സ്ഥാന'ങ്ങളായി വിഭജിക്കപ്പെട്ടിട്ടുണ്ടത്രെ. ഇവയിൽ നാല്പത്തഞ്ച് 'സ്ഥാന'ങ്ങൾ ദില്ലി നഗരത്തിലും പരിസരങ്ങളിലുമാണ്.

ഓരോ 'സ്ഥാന'വും ഓരോ ഗുരുവിൻെറ കീഴിലാകുന്നു. 'സ്ഥാന'ങ്ങൾ വീണ്ടും ആയിരത്തഞ്ഞൂറ് ഉപവിഭാഗങ്ങൾ (സബ് ഡിവിഷൻ) ആയി തിരിച്ചിരിക്കുന്നു. ഹിജഡാ സാമ്രാജ്യത്തിൻെറ ഭരണം നടത്തുന്നതിന് ആകെ മുപ്പത്തയ്യായിരം ആപ്പീസുകളുണ്ട്!

തൻെറ 'സ്ഥാന'ത്തിനകത്തു പരമാധികാരമുള്ള ഗുരു, മറെറാരു ഗുരുവിൻെറ 'സ്ഥാന'ത്തിലേക്ക് അതിക്രമിച്ചുകടക്കുകയില്ല. സ്വന്തം അധികാരപരിധിക്കകത്തു വിവാഹമോ, പ്രസവമോ നടന്നുകഴിഞ്ഞ വീടുകൾ സന്ദർശിക്കാൻ ഓരോ ഗുരുവും തൻെറ ഏതാനും 'ചേല'കളെ(ശിഷ്യരെ) ദിവസേന അയയ്ക്കുന്നു. പോലീസ് ഈ നപുംസകസാമ്രാജ്യത്തെ സഹായിക്കുകയാണു പതിവ്. അതുകൊണ്ടാവണം, ഹിജഡകൾ ആവശ്യപ്പെട്ട തുക കൊടുക്കുകയല്ലാതെ, ദില്ലിയിൽ ആരും അവർക്കെതിരെ പോലീസ്സിൽ പരാതിപ്പെടാറില്ല. വിവാഹത്തിൻെറയും പ്രസവത്തിൻെറയും ചെലവിൽ ഒരു മുഖ്യ ഇനമാണ് അവിടെ ഹിജഡകൾക്ക നൽകുന്ന കപ്പം.

ഹിജഡകളിൽ തൊണ്ണൂററെട്ടു ശതമാനവും വരിയുടച്ച (ശസ്ത്രക്രിയ ചെയ്ത് വൃഷണങ്ങളും ലിംഗവും നീക്കിക്കളഞ്ഞ) പുരുഷന്മാരാണെന്ന് ശ്രീ ഖൈരാതീലാൽഭോല പ്രധാനമന്ത്രിക്കുള്ള തൻെറ നിവേദനത്തിൽ പറയുന്നു. നപുംസകങ്ങളായി പിറക്കുന്നവർ വളരെ അപൂർവമാണ്. 1980—ൽ 'ഹിജഡാ കല്യാണസഭ' തയ്യാറാക്കിയ ഒരു കണക്കനുസരിച്ച് ഉത്തരപ്രദേശാണ് ഇന്ത്യയിൽ ഏററവുമധികം ഹിജഡകൾ ഉള്ള സംസ്ഥാനം. അവിടെ അക്കാലത്ത് തൊണ്ണൂററിരണ്ടായിരം ഹിജഡകൾ ഉണ്ടായിരുന്നുവത്രേ. ബീഹാറിൽ അന്ന് എഴുപത്തിരണ്ടായിരവും, മഹാരാഷ്ട്രത്തിൽ മുപ്പത്തയ്യായിരത്തി ഒരുനൂറേറഴും, മദ്ധ്യപ്രദേശിൽ ഇരുപത്താറായിരവും, ഗുജറാത്തിൽ ഇരുപതിനായിരവും, ദില്ലിയിൽ പതിനയ്യായിരവും ഹിജഡകൾ ഉണ്ടായിരുന്നു. മററു സംസ്ഥാനങ്ങളിലെ ഹിജഡകളുടെ കണക്ക് ശ്രീ ഭോലയുടെ കൈയിലില്ല. ഇക്കഴിഞ്ഞ ആറു വർഷങ്ങളിൽ ഹിജഡകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്ന് അയാൾ പറയുന്നു.

എട്ടോ, പത്തോ ഹിജഡകളടങ്ങിയ ഓരോ സംഘവും ദിവസേന ആയിരക്കണക്കിനു രൂപ ജനങ്ങളിൽനിന്നു പിടിച്ചുവാങ്ങുന്നുണ്ട്. ഈ തുക ഓരോ 'സ്ഥാന'ത്തിലേയും ഗുരു കൈപ്പററുന്നു. വരുമാനമുണ്ടായാലും ഇല്ലെങ്കിലും, ഗുരു തൻെറ ചേലകൾക്ക് ദിവസവും പതിനഞ്ചു രൂപ വീതം ചെലവിനു കൊടുക്കുന്നു. അടിമകളെപ്പോലെയാണ് ശിഷ്യരെ ഗുരു കണക്കാക്കുന്നത്. ഗുരുവിനെ എതിർക്കുന്നവൻ നിർദയം അടിച്ചമർത്തപ്പെടുന്നു. ഭീകരസംഘങ്ങളുടെയും രഹസ്യമതസംഘങ്ങളുടെയും എല്ലാ സവിശേഷതകളും ഹിജഡകളുടെ സംഘങ്ങൾക്കുമുണ്ട്.

ഹിജഡകളാക്കുന്നതിനുവേണ്ടി വശീകരിച്ചോ, പണം കൊടുത്തു വാങ്ങിയോ കൊണ്ടുവരുന്ന കുട്ടികളെ ഗുരുക്കന്മാർ കുറെക്കാലം തങ്ങ

ളുടെ മക്കളെപ്പോലെ പോററുന്നു. 'മുർഗേ വാലീ മാതാ' എന്ന ഒരു ദേവതയെ എല്ലാ ഹിജഡകളും ആരാധിക്കുന്നു. കുട്ടികളുടെ വരിയുടയ്ക്കുന്നതിനുമുമ്പ് ഈ ദേവതയെ വിസ്തരിച്ചുള്ള ചടങ്ങുകളോടെ ആരാധിക്കണമെന്നതു നിർബന്ധമാണ്. പഞ്ചാബിൽ ജലന്ധറിലും മഹാരാഷ്ട്രത്തിൽ നാഗ്പ്പൂരും വരിയുടയ്ക്കുന്നതിൽ അഖിലേന്ത്യാ പ്രസിദ്ധി നേടിയ രണ്ടു ഡോക്ടർമാർ ഉണ്ടത്രേ. ദില്ലിയിലുമുണ്ട് ഈ ശസ്ത്രക്രിയ ചെയ്യുന്ന ഏതാനും ഡോക്ടർമാർ.

ഗുരുക്കന്മാർക്കെതിരെ ഫലപ്രദമായ നടപടിയെടുക്കണമെന്നതാണ് ഖൈരാതീലാൽഭോല തന്റെ നിവേദനത്തിൽ ഉന്നയിക്കുന്ന ഒരാവശ്യം. നിരപരാധികളായ യുവാക്കളെ ശസ്ത്രക്രിയ ചെയ്തു നപുംസകങ്ങളാക്കി മാററി, മരണംവരെ അവരെ ചൂഷണംചെയ്യുന്ന ഏർപ്പാടു നിർത്തലാക്കുവാൻ അതേ മാർഗമുള്ളു. ഇതിനായി ഗുരുക്കന്മാരെ അറസ്റ്റ്ചെയ്യുകയും അവരുടെ സ്വത്തു കണ്ടുകെട്ടുകയും വേണം. ഹിജഡാസാമ്രാജ്യം പിരിച്ചുവിടണം; അതുമൂലം തൊഴിൽ നഷ്ടപ്പെടുന്ന ഹിജഡകൾക്കു മരണംവരെ പെൻഷൻ, താമസിക്കാൻ സ്ഥലം, വോട്ടവകാശം, റേഷൻകാർഡ്, തൊഴിൽപ്പരിശീലനം മുതലായ സൗകര്യങ്ങൾ നൽകണം. ബറോഡയ്ക്കടുത്തു് ഛോട്ടാ ഉദയ്പ്പൂർ എന്ന സ്ഥലത്തു ചില യുവാക്കളെ ബലാൽക്കാരമായി വരിയുടച്ചതിന് ഏതാനും ഗുരുക്കന്മാരെ മുമ്പ് ഏഴു വർഷം തടവിനു ശിക്ഷിച്ചിട്ടുണ്ടെന്ന് ശ്രീ ഭോല ചൂണ്ടിക്കാട്ടുന്നു.

ഹിജഡകൾ എന്ന അർത്ഥത്തിൽ ഇംഗ്ലീഷിൽ സാധാരണയായി ഉപയോഗിക്കുന്നതു് 'യൂനക്' എന്ന വാക്കാണ്, 'കട്ടിലിന്റെ കാവല്ക്കാരൻ' എന്ന് അർത്ഥമുള്ള ഒരു 'ഗ്രീക്ക്' വാക്കിന്റെ തദ്ഭവമാണ് ഇതു്. രാജാക്കന്മാരുടെ കിടപ്പറകളിൽ കാവല്ക്കാരായി നപുംസകങ്ങളെ നിയമിക്കുന്ന പതിവ് പണ്ട് പല രാജ്യങ്ങളിലുമുണ്ടായിരുന്നു. റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനം തുർക്കിയിലെ കോൺസ്റ്റാൻറിനോപ്പിൾ (ബൈസാൻറിയം) ആയപ്പോൾ, റോമൻ ചക്രവർത്തിമാരുടെ കൊട്ടാരങ്ങളിൽ ഈ പതിവ് പ്രബലമായിത്തീർന്നു. ആയിരക്കണക്കിനു നപുംസകങ്ങളെ ഈ കൊട്ടാരങ്ങളിൽ കാവൽവേലയ്ക്കു പാർപ്പിച്ചിരുന്നു. റോമാസാമ്രാജ്യം തകർന്നപ്പോൾ തുർക്കിയിലെ ഒട്ടോമൻ സുൽത്താന്മാർ റോമാക്കാരിൽനിന്ന് ഈ നടപടി പകർത്തി. ഈ കിടപ്പറകാവല്ക്കാരിൽ പലരും മന്ത്രിമാർ, സേനാപതികൾ എന്നീ നിലകളിൽ പ്രശസ്തിനേടുകയുണ്ടായി. ആഫ്രിക്കയിൽനിന്ന് അടിമകളായി പിടിച്ചുകൊണ്ടുപോയിരുന്ന നീഗ്രോ ആൺകുട്ടികളാണ്, മുഖ്യമായും, ഇങ്ങനെ നപുംസകങ്ങളാക്കപ്പെട്ടിരുന്നതു്. നപുംസകങ്ങളെ ക്രിസ്ത്യൻ പള്ളികളിലെ ഗായകസംഘങ്ങളിൽ ചേർക്കുന്ന പതിവും കോൺസ്റ്റാൻറിനോപ്പിളിൽ ആരംഭിച്ചു. പത്തൊമ്പതാം നൂററാണ്ടിന്റെ ആരംഭംവരെ റോമിൽ മാർപ്പാപ്പയുടെ ഗായകസംഘത്തിൽ 'കാസ്ട്രാററികൾ'ക്കു (വരി ഉടച്ച് നപുംസകങ്ങളാക്കപ്പെട്ടവർക്ക്) പ്രധാന സ്ഥാനം നൽകപ്പെട്ടിരുന്നു. ഇക്കൂട്ടത്തിൽപ്പെട്ട ഒരാളാണ് ചരിത്രപ്രസിദ്ധി നേടിയ പാരിണെല്ലി എന്ന ഗായകൻ.

യുവാക്കളെ ശസ്ത്രക്രിയ ചെയ്തു നപുംസകങ്ങളാക്കി അന്തഃപുരം കാവലിനു നിയമിക്കുന്ന സമ്പ്രദായം തുർക്കിസുൽത്താന്മാരിൽനിന്ന് മററ് മുസ്ലിം ഭരണാധികാരികൾ പകർത്തി. ഇന്ത്യയിൽ ഈ പതിവ് നിലവിൽവന്നതു് മുസ്ലിം ഭരണകാലത്താണ്. മുൻ മുസ്ലിം ഭരണാധിപന്മാരുടെ തലസ്ഥാനങ്ങളിലാണ് ഇപ്പോഴും ഹിജഡകളുടെ വലിയ സംഘങ്ങളുള്ളതു്.

ഈ നാണക്കേട് എന്നെന്നേക്കുമായി അവസാനിപ്പിക്കുന്നതിന്, ഹിജഡകളുടെ വംശവിച്ഛേദം വരുത്തുന്നതിന്, സ്വതന്ത്രഭാരതം ഒരുങ്ങ

മോ? അതിനു് ആവശ്യമായ ഇച്ഛാശക്തി ഇന്ത്യയിലെ പല്ലുമുളയ്ക്കാത്ത ജനാധിപത്യത്തിനു് എപ്പോഴെങ്കിലും കൈവരുമോ? ഖൈരാതീലാൽ ഭോലയുടെ നിവേദനത്തിനു് രാജീവ് ഗാന്ധി എന്തു് ഉത്തരം നൽകും? പതിവിൻപടിയുള്ള 'കൈപ്പററ'ലോ? അതോ, ശുദ്ധമൗനമോ?

(14 ഡിസംബർ, 1986)

# 79. ഒരു കലണ്ടർ കേസ്സ്

പുതുവർഷപ്പിറവിയിൽ ജനങ്ങൾ കലണ്ടറുകളെപ്പററി ധാരാളമായി ചിന്തിക്കുമല്ലോ. കഴിഞ്ഞ വർഷം (1986—ൽ) പുറത്തിറങ്ങിയ ഒരു കലണ്ടറിൽനിന്നു് ഉത്ഭവിച്ച രസകരമായ ഒരു കേസ്സിനെപ്പററി ഈ ലേഖനത്തിൽ പറയാം.

'വി. ഐ. പി. കലണ്ടർ' എന്ന പേരിൽ ഒരു കലണ്ടർ കഴിഞ്ഞ ആണ്ടിൽ പടിഞ്ഞാറേ ജർമനിയിൽ പ്രസിദ്ധീകരിച്ചിരുന്നു. സമകാല ലോകരാഷ്ട്രീയത്തിൽ വളരെ പ്രധാനപ്പെട്ടവരെന്നു നിർമാതാക്കൾ കരുതിയ പന്ത്രണ്ടു വ്യക്തികളുടെ ഹാസ്യചിത്രങ്ങൾ ഈ കലണ്ടറിന്റെ താളുകളിൽ ചേർത്തിരുന്നു. സ്വിററ്സർലണ്ടിലെ പെൻറ്ഹൗസ് പബ്ലിഷിങ് കമ്പനി തയ്യാറാക്കിയ ഈ കലണ്ടറിന്റെ മൂവായിരം പ്രതികളേ അച്ചടിക്കപ്പെട്ടിരുന്നുള്ളു. അവ വില്ക്കുകയല്ല, ജർമനിയിൽ വില വാങ്ങാതെ വിതരണം ചെയ്യുകയാണു് ഉണ്ടായതു്. പടിഞ്ഞാറേ ജർമനിയിലെ പാർലമെൻറ് അംഗങ്ങൾക്കെല്ലാം ഈ കലണ്ടർ കിട്ടിയിരുന്നു.

ഈ കലണ്ടറിൽ പത്തു പുരുഷന്മാരുടെയും രണ്ടു സ്ത്രീകളുടെയും ചിത്രങ്ങളാണു് അച്ചടിച്ചിരുന്നതു്. അമേരിക്കൻ പ്രസിഡണ്ടു് റോണാൾഡ് റേയ്ഗന്റെ ചിത്രം വരച്ചിരുന്നതു് വിസ്കിക്കുപ്പികളിലെ 'ജോണി വാക്ക'റുടെ ചിത്രംപോലെയായിരുന്നു. ആ ചിത്രത്തിനു താഴെ 'റോണി വാക്കർ' എന്ന പേരു് എഴുതിയിരുന്നു. പടിഞ്ഞാറേ ജർമനിയിലെ ഒരു സ്റ്റേററ് ആയ ബവേറിയയിലെ മുഖ്യമന്ത്രി ജോസഫ് സ്ട്രൗസിനെ കലണ്ടറിന്റെ ഒരു പേജിൽ വസ്ത്രം ധരിക്കാതെ കൈകൊണ്ടു നഗ്നതമറച്ചു നില്ക്കുന്ന മട്ടിൽ ചിത്രീകരിച്ചിരുന്നു.

കലണ്ടറിൽ ചിത്രീകരിക്കപ്പെട്ട രണ്ടു സ്ത്രീകളിൽ ഒരാൾ ബ്രിട്ടീഷ് പ്രധാനമന്ത്രി മാർഗരററ് താച്ചർ ആയിരുന്നു. കുറിയ ട്രൗസർ ധരിച്ചു് ഫുട്ബോളുമായി നില്ക്കുന്ന താച്ചറുടെ തുറന്നുകിടക്കുന്ന തുട ചതഞ്ഞു നീർക്കെട്ടിയിരുന്നു.

വി. ഐ. പി. കലണ്ടറിലെ രണ്ടാമത്തെ സ്ത്രീ പശ്ചിമജർമനിയിൽ പാർലമെൻറംഗവും, പ്രകൃതിസംരക്ഷണത്തിനും അണു ആയുധനിരോധനത്തിനുംവേണ്ടി നിലകൊള്ളുന്ന ഗ്രീൻ (പച്ച) പാർട്ടിയിലെ ഒരു പ്രമുഖ വ്യക്തിയും ആയ പെട്രകെല്ലി ആയിരുന്നു. തികച്ചും നഗ്നയായി, പുറംതിരിഞ്ഞു്, എങ്കിലും തല തിരിച്ചു വായനക്കാരെ നോക്കിക്കൊണ്ടുനില്ക്കുന്ന രീതിയിലാണു് കെല്ലിയെ ചിത്രീകരിച്ചിരുന്നതു്. തുണിയുടുക്കാത്ത കെല്ലിയുടെ അരയിൽ കെട്ടിയ കറുത്ത ബെൽട്ടിൽനിന്നു് തോലുറയിലിട്ട ഒരു കൈത്തോക്കു് തൂങ്ങിക്കിടന്നിരുന്നു. ഈ കൈത്തോക്കിന്റെ പിടിയിലായിരുന്നു പെട്രകെല്ലിയുടെ വലതുകൈ. ചിത്രത്തിൽ കെല്ലി കഠാരപോലെ കൂർത്ത മടമ്പുള്ള കറുത്ത